# ‘സ്തോത്രം എന്ന യാഗം’

## സങ്കീർത്തനങ്ങൾ 50:14

‘‘ദൈവത്തിന്നു സ്തോത്രയാഗം അർപ്പിക്ക; അത്യുന്നതന്നു നിന്റെ നേർച്ചകളെ കഴിക്ക.’’

യാഗം എന്നു പറയുമ്പോൾ ബലി അഥവാ വഴിപാട് എന്നൊക്കെ അർത്ഥമാക്കുന്നു. ഉല്പത്തി പുസ്തകത്തിൽ 4–ാം അദ്ധ്യായം നാം വായിക്കുപ്പോൾ ഹാബേലിന്റെയും കയീന്റെയും രണ്ടു വിധത്തിലുള്ള വഴിപാടുകൾ നമുക്കു കാണുവാൻ സാധിക്കുന്നു. ഇവിടെ ദൈവത്തെ പ്രസാദിപ്പിക്കുന്നതിനു വേണ്ടിയാണ് അവർ വഴിപാടു കൊണ്ടുവന്നത്. നാനാജാതി മതസ്ഥരടങ്ങുന്ന ഈ ലോകത്തിൽ പരിശോധിച്ചു നോക്കിയാൽ പലരും പല വിധ വഴിപാടുകൾ ദൈവത്തിനർപ്പിക്കുന്നവരാണല്ലോ. കാള, ആട്, കോഴി, ഭക്ഷണ പാനീയങ്ങൾ തുടങ്ങിയവയൊക്കെ യാഗം കഴിക്കുന്നവരുണ്ട്. ചിലർ തങ്ങളുടെ ശരീരങ്ങളെത്തന്നെ ദണ്ഡനങ്ങൾക്ക് ഏല്പിച്ചുകൊണ്ട് സ്വയം യാഗമായി അർപ്പിക്കുന്നു.

വേദപുസ്തകത്തിൽ പഴയനിയമകാലത്ത് കാളകളുടെയും ആട്ടുകൊറ്റന്മാരുടെയും രക്തം പാപപരിഹാരയാഗമാക്കിത്തീർക്കുന്നു എന്നു കാണാം. എന്നാൽ ഈ വക യാഗങ്ങൾക്കൊന്നും മനുഷ്യർക്ക് പൂർണ്ണമായ രക്ഷ കൈവരിക്കുവാൻ കഴിയുകയില്ല എന്ന് ദൈവത്തിനറിയാമായിരുന്നു. അതുകൊണ്ടാണല്ലോ സ്വന്തപുത്രനെ നമുക്കുവേണ്ടി എന്നെന്നേക്കുമായി യാഗമാക്കിത്തീർത്തത്. ദൈവം മനുഷ്യനെ അത്രമാത്രം സ്നേഹിക്കുന്നുവെന്ന് നമുക്കു മനസ്സിലാക്കാം. ഇന്നു നാം ചുറ്റും കണ്ണോടിച്ചാൽ അനുദിനവും ആളുകൾ ദൈവത്തെ പ്രസാദിപ്പിക്കുവാൻ പലയിടങ്ങളിലും ഓടിനടക്കുകയാണ്. എവിടെച്ചെന്നാൽ, എന്തു ചെയ്താൽ, എനിക്ക് രക്ഷ കൈവരും എന്നുള്ള നെട്ടോട്ടത്തിലാണ് പലരും.

ഈ വക പ്രവൃത്തികളെല്ലാം ന്യായപ്രമാണപ്രകാരമുള്ള കാര്യങ്ങളാണ്. കർമ്മ മാർഗ്ഗത്തിലൂടെ രക്ഷ നേടുവാനാണ് ഭൂരിപക്ഷം ആളുകളുടെയും ശ്രമം. യെശയ്യാവ് 1:11 വായിക്കുമ്പോൾ ഈ വക യാഗങ്ങൾ യഹോവയ്ക്ക് വെറുപ്പും അസഹ്യവുമാണെന്ന് പറഞ്ഞിരിക്കുന്നു. ചിലർ വിവിധ ആരാധനാലയങ്ങളിൽ പോയി നേർച്ച കാഴ്ച കൊടുത്ത് ദൈവത്തെ പ്രസാദിപ്പിക്കുവാൻ നോക്കുന്നു. വാസ്തവത്തിൽ ദൈവത്തിന് ഇതു വല്ലതും ആവശ്യമുണ്ടോ? ഇന്ന് ഈ കാണുന്നതെല്ലാം ദൈവത്തിന്റെ കരവേലയല്ലേ. ഈ ഭൂമിയിലുള്ള ഏതു മൃഗത്തെ യാഗം കഴിച്ചാലും എത്ര നേർച്ചയിട്ടാലും എല്ലാം ദൈവത്തിന്റെ പക്കൽ നിന്ന് വാങ്ങി ദൈവത്തിനു തന്നെ കൊടുക്കുന്നു എന്ന് പറയാം.

ന്യായപ്രമാണത്തിന് പൂർത്തിവരുത്താൻ കഴിയാത്തതിനെ നിവർത്തിക്കുവാനാണല്ലോ നമ്മുടെ കർത്താവായ യേശു ഈ ഭൂമിയിലേക്ക് കടന്നുവന്നത്. ന്യായപ്രമാണപ്രകാരമുള്ള ഈ വക യാഗങ്ങൾ ആണ്ടുതോറും അർപ്പിക്കേണ്ടി വരുന്നതായി കാണാം. എന്നാൽ ഈ കൃപായുഗത്തിൽ നമുക്കുള്ള മഹാസന്തോഷം എന്താണ്? മറ്റുള്ള യാഗങ്ങൾക്കൊന്നും പൂർണ്ണമായ രക്ഷ തരുവാൻ കഴിയാതിരുന്നപ്പോൾ സ്വർഗ്ഗസ്ഥ പിതാവിന്റെ മുൻ നിർണ്ണയ പ്രകാരമുള്ള ഇഷ്ടത്താൽ നമ്മുടെ കർത്താവായ യേശുക്രിസ്തു ഒരിക്കലായി എന്നെന്നേക്കുമായി യാഗമായിത്തീർന്നു. ഇനി ഒരു യാഗവും അവശേഷിക്കുന്നില്ല. ഇതാകുന്നു നമ്മുടെ കർത്താവിന്റെ ന്യായപ്രമാണം. ഈ ന്യായപ്രമാണം നമ്മുടെ ഹൃദയങ്ങളിലത്രേ പകരപ്പെട്ടിരിക്കുന്നത്. കർത്താവിന്റെ തിരുശരീരയാഗത്തിന് പകരം വെയ്ക്കുവാൻ ആർക്കും ഒരുയാഗത്തിനും കഴിയുകയില്ല.

ഇത്ര സൗജന്യമായ രക്ഷ നമ്മുടെ കർത്താവ് നമുക്കായി ഏല്പിച്ചു തന്നതിന് സ്തോത്രം എന്ന യാഗം മാത്രമാണിനി വേണ്ടത്. അവിടുത്തെ തിരുശരീരയാഗത്താൽ നമ്മുടെ പാപങ്ങളും അതിക്രമങ്ങളുമെല്ലാം മോചിക്കപ്പെട്ടു കഴിഞ്ഞു. ആ നല്ല രക്ഷകനെ സ്വീകരിച്ചു നാം സാക്ഷാൽ സ്വതന്ത്രരായി. സ്വന്തപുത്രനെ ആദരിക്കാതെ ഏല്പിച്ചു തന്ന ദൈവം അതോടുകൂടെ സകലവും തരാതിരിക്കുമോ? ഇനി പൂർണ്ണഹൃദയത്തോടെയുള്ള സ്തോത്രം നന്ദിയർപ്പണം മാത്രമാണ് ദൈവം നമ്മിൽനിന്നും ആഗ്രഹിക്കുന്നത്.

അപ്പൊസ്തല പ്രവ: 16–ാം അദ്ധ്യായം നാം വായിക്കുമ്പോൾ പൌലോസും ശീലാസും തടവിൽ ആയിരുന്നപ്പോഴും അവർ ദൈവത്തെ പാടിസ്തുതിക്കുന്നതായി കാണാം. അപ്പോൾ അവരുടെ ചങ്ങലകൾ അഴിഞ്ഞ് വലിയ ദൈവപ്രവർത്തി വെളിപ്പെട്ടു. ഇതിൽനിന്നും മനസ്സിലാക്കാവുന്നതെന്താണ്? ഏതു പ്രതികൂലത്തിന്റെ മദ്ധ്യത്തിലും ദൈവത്തെ ആരാധിക്കുക, സ്തോത്രം എന്ന അധരയാഗം അർപ്പിക്കുക. അപ്രകാരം ദൈവത്തെ പാടിസ്തുതിക്കുമ്പോൾ നാമറിയാതെ തന്നെ നമ്മുടെ ചെറുതും വലുതുമായ ആവശ്യങ്ങൾ കർത്താവ് നിറവേറ്റിത്തരും. എല്ലായ്പ്പോഴും സന്തോഷത്തോടെ പ്രാർത്ഥനയോടെ സ്തോത്രത്തിൽ കവിഞ്ഞ് ആയിരിപ്പാൻ ദൈവം നമ്മെ എല്ലാവരെയും അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം :

ഫിലിപ്പിയർ 4:6

ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്, എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടു കൂടെ ദൈവത്തോട് അറിയിക്കുകയത്രെ വേണ്ടത്.

അശ്വതി ബിനു ഏറ്റുമാനൂർ 007